# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-TSR-P15/1135/2021dt.06/11/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/01/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-P15/1135/2021dt.06/11/2021 തീയ്യതി: 12/01/2022

## തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 27-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഉജിത സുരേഷ് | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 08-11-2020 | 29-12-2020 |
| ശ്രീ.ധനീഷ്.കെ.എസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.കെ.ബി.സജീവ്കുമാർ | സെക്രട്ടറി | 01-04-2020 | 04-03-2021 |
| ശ്രീമതി.ജയ.പി (അസി.സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രജനി.എം.കെ | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ജയ.പി | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രുതി.എൻ.സുബ്രമണ്യൻ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ധന്യ.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.കെ.വി.ഷിബു | വെറ്ററിനറി സർജ്ജൻ | 01-04-2020 | 07-10-2020 |
| ഡോ.മഞ്ജു.പി.എം | വെറ്ററിനറി സർജ്ജൻ | 08-10-2020 | 31-03-2021 |
| ബേബി.കെ.എൽ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ബീന.പി.വി | വി.ഇ.ഒ, നടവരമ്പ് | 01-04-2020 | 31-03-2021 |
| ദീപ.കെ.യു | വി.ഇ.ഒ, കൊറ്റനല്ലൂർ | 01-04-2020 | 27-10-2020 |
| അജിത.പി.ബി | വി.ഇ.ഒ, കൊറ്റനല്ലൂർ | 28-10-2020 | 31-03-2021 |
| ഐശ്വര്യമോൾ ഫ്രാൻസിസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.തനുജ.കെ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.പ്രശോഭ് കുമാർ.കെ.സി | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സ്മിത.ടി.വി | മെഡിക്കൽ ഓഫീസർ, (ആയ്യുർവേദം) | 01-04-2020 | 12-02-2021 |
| ഡോ.നീലിമ.കെ.എൻ | മെഡിക്കൽ ഓഫീസർ (ആയ്യുർവേദം) | 12-02-2021 | 31-03-2021 |
| അരുൺ.പി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 10-06-2020 |
| സെറിൻ.പി.ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 11-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ലിസി.പി.ഡി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Ranjith P.R (Auditor, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Ranjith P.R (Auditor, On 29-07-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-01-2022) | 1-11 |
| 12 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-01-2022) | 1-12 |
| 13 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-13 |
| 14 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-14 |

| | | |
|---|---|---|
| 15 | വസ്തുനികുതി -റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-15 |
| 16 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-16 |
| 17 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: REKHA E.C. (Auditor, On 11-01-2022) | 1-17 |
| 18 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 12-01-2022) | 1-18 |
| 19 | രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-01-2022) | 1-19 |
| 20 | Other Fixed Assets-ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-01-2022) | 1-20 |
| 21 | ക്യാഷ് ഫ്‌ളോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-01-2022) | 1-22 |
| 23 | ജേണൽ വൌച്ചർ -ആധികാരിക രേഖകൾ ഇല്ല<br>Written By: Bita.T.S (Audit Officer (HG), On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-23 |
| 24 | സ്റ്റോക്ക് സർട്ടിഫിക്കറ്റ് ഇല്ല<br>Written By: Ranjith P.R (Auditor, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി രേഖപ്പെടുത്തിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 12-01-2022) | 1-25 |
| 26 | അസംബ്ലി കെട്ടിടം മാലിന്യ സംസ്കരണം ഉറപ്പ് വരുത്താതെ പെർമിറ്റ് അനുവദിച്ചു.<br>Written By: Sijo Thomas (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-26 |
| 27 | മൈനിങ്ങ് ആന്റ് ജിയോളജിയുടെ സാക്ഷ്യപത്രം ഇല്ലാതെ ഡെവലപ്മെന്റ് പെർമിറ്റ് അനുവദിച്ചു.<br>Written By: Sijo Thomas (Auditor, On 31-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-27 |
| 28 | ലൈസൻസ് അപാകതകൾ | 1-28 |

| | | |
|---|---|---|
| | Written By: Sijo Thomas (Auditor, On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-01-2022) | |
| 29 | ഷോപ്പിംഗ് കോംപ്ലക്സിന്റെ ബൈലോക്ക് അംഗീകാരം ലഭിക്കാത്തതിനാൽ വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നു.<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-29 |
| 30 | അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ലേല നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-30 |
| 31 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-31 |
| 32 | തൊഴിൽ നികുതി അപാകതകൾ<br>Written By: Ranjith P.R (Auditor, On 30-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-32 |
| 33 | ഉറവിട മാലിന്യ സംസ്കരണത്തിനും ഷീ ടോയ്‌ലെറ്റ് നിർമ്മാണവും ശുചിത്വ മിഷനിൽ നിന്നു ലഭിച്ച തുക ചെലവഴിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 31-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-33 |
| 34 | STP ഫണ്ട് ഉപയോഗിക്കാതെ കിടക്കുന്നത്-സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-34 |
| 35 | ദുരിതാശ്വാസ നിധി അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കുന്നില്ല.<br>Written By: Sijo Thomas (Auditor, On 31-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-35 |
| 36 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ-മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 31-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-36 |
| 37 | പെയിൻ ആന്റ് പാലിയേറ്റീവ് -ഹോംകെയർ ടീമിനുള്ള ഭക്ഷണ അലവൻസ് ഹോട്ടലിന് നൽകേണ്ടതിനു പകരം ആശാ വർക്കറുടെ അക്കൗണ്ടിലേക്ക് നൽകി.<br>Written By: Sumitha T.S (Asst. Audit Officer, On 31-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-37 |
| 38 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി - കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-38 |
| 39 | പെയിൻ ആന്റ് പാലിയേറ്റീവ്,സമഗ്ര ആരോഗ്യ പരിപാടി പദ്ധതികൾക്കായി ഒരേ ദിവസം ഒരേ വാഹനം ഓടിയത് - തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 31-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-39 |
| 40 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-40 |

| | | |
|---|---|---|
| 41 | കൃഷി വർക്കിംഗ് ഗ്രൂപ്പ് -ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ട് ശുപാർശ നടപ്പാക്കാവുന്നതാണ്.<br>Written By: Bita.T.S (Audit Officer (HG), On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-41 |
| 42 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലുള്ള അപാകത<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 11-01-2022) | 1-42 |
| 43 | ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം-വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 30-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-43 |
| 44 | ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-44 |
| 45 | എസ് എസ് എ ക്ക് വിഹിതം നൽകൽ - എസ് സി & ജനറൽ പദ്ധതികൾ -കൃത്യമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-45 |
| 46 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ആസ്തി നിർമ്മാണപദ്ധതികൾ -ഫയൽ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-46 |
| 47 | കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Bita.T.S (Audit Officer (HG), On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-47 |
| 48 | പദ്ധതി നിർവഹണവും പദ്ധതിച്ചെലവും (മരാമത്ത്)<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-48 |
| 49 | കരാറിൽ നിർവഹണോദ്യോഗസ്ഥനും കരാറുകാരനും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-49 |
| 50 | മോണിറ്ററിങ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-01-2022) | 1-50 |
| 51 | വൈകി പൂർത്തീകരിക്കുന്ന കരാറുകളിൽ പിഴ ഈടാക്കുന്നില്ല<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-51 |
| 52 | ആസ്തി രജിസ്റ്റർ കുറ്റമറ്റരീതിയിൽ പരിപാലിക്കുന്നില്ല.<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-52 |
| 53 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-53 |
| 54 | ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സർക്കാർ | 1-54 |

| | | |
|---|---|---|
| | ഉത്തരവിനനുസൃതമല്ലാതെ തനതുഫണ്ടിൽ നിന്നും അടവാക്കുന്നു<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | |
| 55 | സി.എഫ്.സി.ഫണ്ട് കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി വിനിയോഗിച്ചത് സർക്കാർ ഉത്തരവിന് അനുസൃതമല്ല<br>Written By: P.A.Sivan (Audit Officer, On 02-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 1-55 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പെയിൻ ആന്റ് പാലിയേറ്റീവ്, സമഗ്ര ആരോഗ്യ പരിപാടി പദ്ധതികൾക്കായി ഒരേ ദിവസം ഒരേ വാഹനം ഓടിയത് -തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 3-1 |
| 2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലുള്ള അപാകത<br>Written By: P.A.Sivan (Audit Officer, On 17-11-2021)<br>Last Updated By: Jayan VS (Auditor, On 12-01-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച തുകയുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 01-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Jayan VS (Auditor, On 12-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 11-01-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

| | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 19,72,00,271 | 24,48,59,681 |
| ചെലവ് | 17,25,84,600 | 23,59,68,906 |

25.03.2020 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.02.2021 തീയതിയിലെ 3(1)-ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 21-06-2021 |

## 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,16,34,495 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,61,99,381 |
| ആകെ | 13,78,33,876 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,09,54,454 |
| നീക്കിയിരിപ്പ് | 2,68,79,422 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ)-ACR പ്രകാരം | 0 | 16929773 | 16929773 | 14978958 | 1950815 |
| വികസനഫണ്ട് (എസ്.സി.പി)-ACR പ്രകാരം | 0 | 15056324 | 15056324 | 14858244 | 198080 |
| വികസനഫണ്ട് (ടി.എസ്.പി)-ACR പ്രകാരം | 0 | 168400 | 168400 | 143000 | 25400 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)-ACR പ്രകാരം | 0 | 12383949 | 12383949 | 8214348 | 4169601 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)-ACR പ്രകാരം | 0 | 5540000 | 5540000 | 3403536 | 2136464 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ്-ACR പ്രകാരം | 0 | 23123000 | 23123000 | 23121024 | 1976 |
| മെയിന്റനൻസ് | 0 | 4040712 | 4040712 | 3770508 | 270204 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് നോൺറോഡ്-ACR പ്രകാരം | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 290 | 13851684 | വിവരം ലഭ്യമാക്കിയിട്ടില്ല | 944118804 | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

തൻവർഷം 290 പ്രൊജക്ടുകൾ അംഗീകാരം ലഭിച്ചതിൽ 256 പ്രൊജക്ടുകൾക്ക് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട് എന്നതിന്റെ വിവരം സ്ഥാപനം ലഭ്യമാക്കാത്തതിനാൽ പ്രസ്തുത വിവരം ചേർക്കുവാൻ സാധിച്ചിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11513 | 1214056 | 1225569 | 1216292 | 9277 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15930383 | 15930383 | 15930383 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5020600 | 332 |
| വിധവാ പെൻഷൻ | 14057300 | 903 |
| വാർദ്ധക്യകാലപെൻഷൻ | 35968100 | 2256 |
| വികലാംഗപെൻഷൻ | 4412400 | 281 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1714100 | 112 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-07-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17368/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്തിന്റെ നികുതിയിനത്തിലുള്ള വരുമാനം ഏറെക്കുറെ വാർഷികകണക്കുമായി ഒത്തുപോകുന്നതാണ്.

2. രജിസ്റ്ററുകളുടെ പരിപാലനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

3. ആസ്തി രജിസ്റ്റർ ഇപ്പോഴും കാലികമാക്കാതെ തുടരുന്ന അവസ്ഥ എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിനെ സംബന്ധിച്ച ബൈലോ അപാകതകൾ നിമിത്തം പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാകാത്തത് വരുമാനനഷ്ടത്തിന് കാരണമാകുന്നു.

5. ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് ഒടുക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് സർക്കാർ ഉത്തരവിനനുസൃതമല്ലാത്തവിധം ചെലവ് ചെയ്യുന്നുണ്ട്.

6. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിങ് നടത്തി ആധികാരികമാക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്

7. കരാറുകൾ ചമക്കുന്നതിൽ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

8. കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് അടവാക്കൽ, അറ്റകുറ്റപ്പണി നടത്തൽ എന്നിവ സർക്കാർ നിർദേശങ്ങൾക്കനുസൃതമായി ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-07-2021 മുതൽ 16-07-2021 വരെ | 2021 ജനവരിമുതൽ മാർച്ച് വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2014 മുതൽ 10.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 29.11.2017 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-12 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-13 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം (റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3162723 | 3102042 | 52023 | 17742 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3162723 | 3097465 | 4577 | *17742 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(18354 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് |

| | | | | |
|---|---|---|---|---|
| | | | | തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-14 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1870956 | 1645999 | 24956 | 201693 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1870956 | 1642742 | 3257 | 201693 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 211782 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 വസ്തുനികുതി -റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 86760 | 78455 | 8946 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 78948 * | 78455 | 8946 ** |
| | *(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 70126+12769=82895/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 9416/105X100) |

## 1-16 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 130508 | 88435 | 42133 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 96451* | 88435 | 42139** |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(55522+45752=101274/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | **(44246/105X100)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ |

| | | | | |
|---|---|---|---|---|
| | | | ആർ.പി-43) | തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-17 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 161372 | 4785 | 166157 | 158014 | 4003 | 162017 | 2854 | 0 | 896 | 470 | 1355 |
| | നോൺ-റെസിഡൻഷ്യൽ | 94736 | 6620 | 101356 | 82989 | 4447 | 87436 | 1271 | 0 | 10089 | 2113 | 12205 |
| | ആകെ | | | 267513 | | | 249453 | 4125 | | 13560 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 272777 | | | 249453 | | | | 5264 | 13514 | | |
| | | 9309+263468 (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies. ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt Cess/levies. ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-18 വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിൽ 247 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 16.06.2020ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വച്ചറുകൾ ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)).

നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3) ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4) വാടക ഡിമാന്റ് രജിസ്റ്റർ

5) ലൈബ്രറി രജിസ്റ്റർ

6) പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

8) ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്റർ

## 1-20 Other Fixed Assets-ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 529,897/-രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 594,473/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-21 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത്. 5244927 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3403067 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-23 ജേണൽ വൌച്ചർ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണവും ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 1-24 സ്റ്റോക്ക് സർട്ടിഫിക്കറ്റ് ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് പൂജ്യം ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇലക്ട്രിസിറ്റി സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 31.03.2021 ൽ സാമഗ്രികൾ ബാലൻസ് ഉണ്ട്. എന്നാൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-25 തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി രേഖപ്പെടുത്തിയില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 17144439/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ 6 കോൺക്രീറ്റ് റോഡുകൾ നിർമിക്കുന്നതിനുള്ള 13,42,499/ രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|

| | | |
|---|---|---|
| 1 | കല്ലംകുന്ന് പള്ളിലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 4 | 293928/- |
| 2 | അഗസ്തിപുരം റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 7 | 86652/- |
| 3 | പൊന്നത്ത് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 7 | 221660/- |
| 4 | തൊമ്മാന കൃഷി ഭവൻ കുളം റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 8 | 162734/- |
| 5 | മനപ്പടി പുന്നേലിപ്പടി റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 10 | 365959/- |
| 6 | കോളനിപ്പടി പുഞ്ചപ്പാടം ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 18 | 211566/- |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 1342499/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 13,42,499/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-26 അസംബ്ലി കെട്ടിടം മാലിന്യ സംസ്കരണം ഉറപ്പ് വരുത്താതെ പെർമിറ്റ് അനുവദിച്ചു.

ഫയൽ നമ്പർ –എ3-902/2020

ശ്രീ റാഫേൽ ആന്റ് പോളി എന്നവരുടെ പേരിൽ എ3-871/20/31.12.2020 ആയി അനുവദിച്ച പെർമിറ്റിന്റെ ഫയൽ പരിശോധിച്ചതിൽ 1437.96 എം 2 അസംബ്ലി കെട്ടിടത്തിന്റെ നിർമ്മാണത്തിനായാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. KPBR റൂൾ 79 (5) പ്രകാരം പാചകത്തിനും ആഹാരം കഴിക്കുന്നതിനും വ്യവസ്ഥ ഉള്ള കല്യാണ മണ്ഡപങ്ങളിൽ ഖര ദ്രാവക മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ആരോഗ്യകരമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉള്ള സംവിധാനങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെയാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. വസ്തു നികുതി നിർണ്ണയത്തിനായി ഫയൽ ഹാജരാക്കുമ്പോൾ മേൽ സംവിധാനം ഉണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് അസി.എൻജിനീയർ ഫയലിൽ നോട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പെർമിറ്റ് അനുവദിച്ച സമയത്ത് ഇത് നിബന്ധനയായി ഉൾപ്പെടുത്തിയിട്ടില്ല. പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 മൈനിങ്ങ് ആന്റ് ജിയോളജിയുടെ സാക്ഷ്യപത്രം ഇല്ലാതെ ഡെവലപ്മെന്റ് പെർമിറ്റ് അനുവദിച്ചു.

ശ്രീ. ശിവരാമൻ എന്ന വ്യക്തി 400.83 എം 2 മണ്ണ് നീക്കം ചെയ്യുന്നതിന് ഡെവലപ്മെന്റ് പെർമിറ്റിനായി അപേക്ഷിക്കുകയും നമ്പർ-എ3-1098/20/6.3.2021 പ്രകാരം പെർമിറ്റ് അനുവദിക്കുകയും ചെയ്തു. പെർമിറ്റിലെ നിബന്ധന പ്രകാരം മൈനിങ്ങ് ആന്റ് ജിയോളജിയുടെ പെർമിഷൻ വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത രേഖ ഹാജരാക്കിയത് ഫയലിൽ ഇല്ല. ചട്ട പ്രകാരം ആവശ്യമായ രേഖകൾ ഇല്ലാതെ പെർമിറ്റ് അനുവദിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-28 ലൈസൻസ് അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II-ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ലൈസൻസ് ഫീസ് ഇനത്തിൽ 2020-21 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പിരിച്ചിട്ടുണ്ടെങ്കിലും അപേക്ഷകർ സമർപ്പിച്ച അപേക്ഷകളിലോ അനുബന്ധ രേഖകളിലോ മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിധത്തിലുള്ള വിവരവും രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ഏത് മാനദണ്ഡപ്രകാരമാണ് ലൈസൻസ് തുക പിരിച്ചത് എന്നതിൽ വ്യക്തതയില്ല.

## 1-29 ഷോപ്പിംഗ് കോംപ്ലക്സിന്റെ ബൈലോക്ക് അംഗീകാരം ലഭിക്കാത്തതിനാൽ വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നു.

പഞ്ചായത്തിന്റെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിന്റെ ബൈലോ 09.07.2020 ലെ 11(1) തീരുമാനപ്രകാരം അന്തിമമായി അംഗീകരിച്ചിട്ടുള്ളതാണ്. എങ്കിലും നാളിതുവരെ ഇതിന് അംഗീകാരം നേടിയെടുക്കുവാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിച്ചതിലെ അപാകതകൾ മൂലം ഡയറക്ടറേറ്റിൽ നിന്നും 3 പ്രാവശ്യം, അപേക്ഷ ശരിയായ രീതിയിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരം അപാകതകളാൽ കത്തിടപാടുകൾ ആവർത്തിക്കുകയും സമയ നഷ്ടം മൂലം ബൈലോക്ക് അംഗീകാരം ലഭിക്കാതെ ഒരു വർഷത്തോളമായി ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് കൊടുക്കാൻ കഴിയാത്ത അവസ്ഥയിലുമാണ്. അംഗീകാരം ലഭ്യമാക്കാനും ലേലനടപടികൾ പൂർത്തീകരിക്കാനും ഇനിയും സമയനഷ്ടം വരുമെന്നിരിക്കെ പഞ്ചായത്തിന് 2020-21 വർഷത്തിലും തുടർന്നുള്ള വർഷത്തിലും വാടകയിനത്തിൽ വലിയൊരു തുക നഷ്ടം സംഭവിയ്ക്കുന്നതാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/22.07.2021), ബൈലോ തെറ്റുകൾ തിരുത്തി ഇതിനോടകം അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും കരട് ബൈലോ, അന്തിമ ബൈലോ എന്നിവയിലുള്ള ചില വ്യത്യാസങ്ങൾ കൊണ്ടും ക്ലറിക്കൽ തെറ്റുകൾ കൊണ്ടുമാണ് പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക് ഒന്നിലധികം തവണ അംഗീകാരത്തിനായി അയക്കേണ്ടി വന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആകെയുള്ള 12 മുറികളിൽ 2 എണ്ണം കുടുംബശ്രീ ജനകീയ ഹോട്ടലിനും ഒരെണ്ണം പോസ്റ്റ് ഓഫീസിനും ഒരെണ്ണം കൃഷിഭവൻ സബ്സെന്ററിനും 4 എണ്ണം സപ്ലൈകോയുടെ സൂപ്പർ സ്റ്റോറിനും ഗ്രാമ പഞ്ചായത്ത് തീരുമാനപ്രകാരം അനുവദിച്ചിട്ടുള്ളതും ആയതിനാൽ ലേല നടപടികൾ ആവശ്യമില്ലാത്തതാണെന്നും കോവിഡ്-19 വ്യാപനത്തെത്തുടർന്ന് പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതുമാണെന്നും മറുപടിയിൽ പറയുന്നു. ബൈലോക്ക് അംഗീകാരം ലഭ്യമാക്കി ബാക്കി മുറികളുടെ ലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബൈലോക്ക് അംഗീകാരം നേടിയെടുത്ത് മുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

പഞ്ചായത്ത് പരിസരത്തുള്ള അപകടകരമായ നിലയിലുള്ള മഹാഗണി (2 എണ്ണം), മാഞ്ചിയം, എന്നിവ 18.08.2020 ലെ 2(1) ഭരണസമിതി തീരുമാന പ്രകാരം 04.09.2020 ന് ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല എന്ന കാണുന്നു. എന്നാൽ ലേലം നടന്ന് 10 മാസത്തോളം കഴിഞ്ഞിട്ടും അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള പുനർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/22.07.2021) ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ്-19 നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലാണ് പുനർലേല നടപടികൾ വൈകിയിട്ടുള്ളതെന്നും ഓഫീസ് കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ വാല്യൂവേഷൻ പ്രകാരം 50690/- രൂപ വില വരുന്ന ടി മരങ്ങൾ അപകടകരമായ നിലയിലാണെന്നിരിക്കെ എത്രയും പെട്ടെന്ന് ഇവ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ആകെ 77 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 39 അപേക്ഷകൾക്ക് മാത്രമേ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കി 38 പേർ അപേക്ഷ നൽകിയതായോ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം നേടിയതായോ കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

26.05.2017 ലെ 106/2017/തസ്വഭവ ഉത്തരവ് പ്രകാരം വിമുക്തഭടൻമാർക്ക് നികുതി ഒഴിവ് ലഭിക്കുന്നതിനായി ഓരോ വർഷവും മാർച്ച് 31ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതും. അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയെടുക്കേണ്ടതുമാണ്. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതും. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

തൊഴിൽ നികുതി അപാകതകൾ താഴെ ചേർക്കുന്നു.

1. ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും, ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ച് ഒത്തു നോക്കിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | തൊഴിലാളികളുടെ എണ്ണം | തൊഴിൽ നികുതി | ഇനി അടക്കേണ്ടവർ |
|---|---|---|---|---|---|

| | | | | അടച്ചവർ | |
|---|---|---|---|---|---|
| 1. | ഹരിശ്രീ ബെൽ മെറ്റൽസ് | 2020-21 | 25 | 16 | 9 |
| 2. | KPJ ട്രേഡിംഗ് കമ്പനി | 2020-21 | 6 | 3 | 3 |
| 3. | ക്രിയേറ്റീവ് വാർഡ്രോബ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 2020-21 | 65 | 58 | 7 |
| 4. | കോക്കാട്ടിൽ പോളിമേഴ്സ് | 2020-21 | 14 | 5 | 9 |
| 5. | ആൻസ് | 2020-21 | 27 | 15 | 12 |
| 6. | ബെൽവിക്സ്, നടവരമ്പ് | 2020-21 | 50 | 3 | 47 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.22/19-20,20-21 തീയതി:26.07.2021) ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുകയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നിരിക്കുന്നതുമായ സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തികവർഷത്തെ ജീവനക്കാരുടെ ലിസ്റ്റ് സഹിതം തൊഴിൽ നികുതി എത്രയും വേഗം അടവാക്കുവാൻ സ്ഥാപന മേധാവിയോട് ആവശ്യപ്പെടുന്നതാണെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

2. ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് ആയത് ഡിമാൻഡ് രജിസ്റ്ററുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | സൂര്യ സ്റ്റേഷനറി | 2020-21 | 8 |
| 2. | അമ്മ സോ മിൽ | | 5 |
| 3. | M/S വർഗ്ഗീസ് & സ്റ്റാൻലി | | 4 |
| 4. | ജസ്റ്റിൻ സിമന്റ് പ്രൊഡക്ട് | | 3 |
| 5. | ജിയന്ന ഫാഷൻ | | 40 |
| 6. | ഫിനി ഹോളോബ്രിക്സ് | | 4 |
| 7. | ICHL കാന്റീൻ | | 23 |
| 8. | ആര്യ മെറ്റൽ ട്രേഡിംഗ് | | 3 |
| 9. | കെയർ വെൽ ഗ്രൂപ്പ് ഇന്ത്യ | | 3 |
| 10. | സൂര്യ ട്രേഡിംഗ് കമ്പനി | | 6 |
| 11. | ടെക്നോ എഞ്ചിനീയറിംഗ് വർക്ക്സ് | | 3 |
| 12. | യൂണിക്ക് ഫുഡ്സ് | | 5 |
| 13. | ദശമി ഫുഡ്സ് | | 6 |
| 14. | ഇഷ്ടം ഫുഡ് പ്രൊഡക്ട്സ് | | 5 |
| 15. | ഡെന്റൽ ആർട്സ് കുതിരത്തടം | | 5 |
| 16. | Trinity Indane Service( GAS AGENCY) | | 5 |
| 17. | കേരൻ ഫ്രഷ് പ്രൈവറ്റ് ലിമിറ്റഡ് | | 3 |
| 18. | മഡോണ ഇൻഡസ്ട്രീസ് | | 5 |
| 19. | മരിയ ഫുഡ് ഇൻഡസ്ട്രീസ് | | 4 |
| 20. | P.J ബ്രിക്സ്, കുറ്റിപ്പാടി | | 3 |
| 21. | ജനകീയ ഹോട്ടൽ | | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.09/20-21 തീയതി:23.07.2021) അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുകയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതുമായ സ്ഥാപനങ്ങളുടെ 2020-21

സാമ്പത്തികവർഷത്തെ ജീവനക്കാരുടെ ലിസ്റ്റ് സഹിതം തൊഴിൽ നികുതി എത്രയും വേഗം അടവാക്കുവാൻ സ്ഥാപന മേധാവിയോട് ആവശ്യപ്പെടുന്നതാണെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

## 1-33 ഉറവിട മാലിന്യ സംസ്കരണത്തിനും ഷീ ടോയ്‌ലെറ്റ് നിർമ്മാണവും ശുചിത്വ മിഷനിൽ നിന്നു ലഭിച്ച തുക ചെലവഴിച്ചിട്ടില്ല.

A) ഉറവിട മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നു 6.6.2018 ൽ ലഭിച്ച 1100000/-രൂ നാളിതു വരെ വിനിയോഗിച്ചിട്ടില്ല. 2020-21 ൽ അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണത്തിനായി (150/21) പദ്ധതി രൂപീകരിച്ചിരുന്നുവെങ്കിലും പദ്ധതി നടപ്പാക്കിയില്ല. 9 വ്യത്യസ്ത പദ്ധതികൾക്കായി പ്രസ്തുത തുക വിനിയോഗിക്കുന്നതിന് ശുചിത്വ മിഷൻ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ പഞ്ചായത്തിന് അനുയോജ്യമായതും സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്തതുമായ പദ്ധതി തയ്യാറാക്കി പ്രസ്തുത തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

B) ശുചിത്വ മിഷനിൽ നിന്നും ഷീ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി ലഭിച്ച 219986 രൂപ ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 STP ഫണ്ട് ഉപയോഗിക്കാതെ കിടക്കുന്നത്-സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

2020-21 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 ലെ 320200214 എന്ന ഹെഡ്ഡിൽ ബാലൻസ് ആയി നിലനിൽക്കുന്ന 38210 രൂ 31.03.2013 മുതൽ STP ഫണ്ടിനത്തിൽ പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റിൽ ബാധ്യത ആയി നിലനിൽക്കുന്നതാണ്. പ്രസ്തുത തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-35 ദുരിതാശ്വാസ നിധി അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കുന്നില്ല.

പഞ്ചായത്ത് 30.03.2005 ൽ ആരംഭിച്ച ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-442, അവിട്ടത്തൂർ സർവ്വീസ് ബാങ്ക്) പാസ് ബുക്ക് പരിശോധിച്ചതിൽ 31.03.2021 ലെ ബാലൻസ് 127373 രൂപയാണ്. പഞ്ചായത്തിന് അവിട്ടത്തൂർ സർവ്വീസ് ബാങ്കിൽ ഉള്ള 20000 രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റിന്റെ പലിശ മാത്രമാണ് ഈ അക്കൗണ്ടിലേക്കുള്ള വരവിന്റെ സ്രോതസ്സ്. പ്രസ്തുത അക്കൗണ്ടിൽ നിന്ന് 30.11.2012നു ശേഷം ചെലവുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിൽ നിന്ന് തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ-മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ - 2/21

നിർവ്വഹണ ഉദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

മേൽ പദ്ധതിയിൽ മരുന്ന് വാങ്ങലിനായി 150000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി (ബിൽ നമ്പർ-25/14.1.2021). എന്നാൽ താഴെ പറയും പ്രകാരം 10286/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ.

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 35340/19.2.2021 | 10286 |

ബാലൻസ് തുകക്കുള്ള (139714/-) മരുന്ന് ലഭ്യമായിട്ടില്ല.

പ്ലാൻ ഫണ്ടിൽ നിന്നും/ബ്ലോക്ക് വിഹിതത്തിൽ നിന്നും താഴെ പറയും പ്രകാരം കൈമാറിയ തുകക്കുള്ള മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 34/12.3.2021 | 44799 |
| 40/29.3.2021 | 43946 (ബ്ലോക്ക് വിഹിതം) |
| 41/30.3.2021 | 33958 |
| ആകെ | 122703/- രൂ |

മരുന്ന് ലഭിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 പെയിൻ ആന്റ് പാലിയേറ്റീവ് -ഹോംകെയർ ടീമിനുള്ള ഭക്ഷണ അലവൻസ് ഹോട്ടലിന് നൽകേണ്ടതിനു പകരം ആശാ വർക്കറുടെ അക്കൗണ്ടിലേക്ക് നൽകി.

പദ്ധതി നമ്പർ - 2 /21

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഹോംകെയർ ടീമിനുള്ള ഭക്ഷണം ഹോട്ടൽ സൽക്കാരയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഓരോ ബില്ലിൽ നിന്നും ഭക്ഷണ അലവൻസിനായി മാറ്റുന്ന തുക ആശാ വർക്കർ മിനി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് (SBI അക്കൗണ്ട് നമ്പർ-67155592264) നൽകുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | തുക | ആശാ വർക്കറുടെ അക്കൗണ്ടിലേക്ക് മാറ്റിയ തുക |
|---|---|---|
| 1/21.4.2020 | 67890 | 2880 |
| 3/6.5.2020 | 31970 | 3120 |
| 7/5.6.2020 | 35538 | 3600 |
| 12/24.7.2020 | 29148 | 2400 |
| 14/25.9.2020 | 26810 | 2160 |
| 16/22.10.2020 | 78194 | 3840 |
| 19/20.11.2020 | 3020 | 2160 |
| 24/14.1.2021 | 31867 | 2160 |
| 26/5.2.2021 | 34121 | 2400 |
| 30/26.2.2021 | 33500 | 2720 |
| 32/12.3.2021 | 34830 | 3000 |
| 41/30.3.2021 | 77091 | 2990 |
| ആകെ | | 33430/- രൂ |

ഇത് ശരിയായ നടപടി അല്ല. തുക വരും വർഷങ്ങളിൽ ഹോട്ടലിന്റെ ഉടമസ്ഥന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അക്കൗണ്ടിലേക്ക് തുക കൈമാറുമ്പോൾ അക്കൗണ്ട് ഹോൾഡറുടെ പാസ്ബുക്കിന്റെ മുൻപേജിന്റെ പകർപ്പ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ ആശാവർക്കർക്ക് നൽകിയ തുക തിരികെ ഈടാക്കി യഥാർത്ഥ വ്യക്തിക്ക് നൽകേണ്ടതാണ്.

## 1-38 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി - കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തിൽ രൂപം കൊണ്ടിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (മെഡിക്കൽ ഓഫീസർ, എഫ് എച്ച്സി ഹാജരാക്കിയ രേഖ പ്രകാരം)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, എഫ്.എച്ച്.സി, വേളൂക്കര | 22.05.2002 | 2009-10 മുതൽ 2020-21 ഉൾപ്പെടെയുള്ളത് |

മേൽപ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 പെയിൻ ആന്റ് പാലിയേറ്റീവ്,സമഗ്ര ആരോഗ്യ പരിപാടി പദ്ധതികൾക്കായി ഒരേ ദിവസം ഒരേ വാഹനം ഓടിയത് - തുക തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ -2/2021

പെയിൻ ആന്റ് പാലിയേറ്റീവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ പിഎച്ച്സി വേളൂക്കര

പദ്ധതി നമ്പർ -26/21

സമഗ്ര ആരോഗ്യ പരിപാടി

മേൽ രണ്ടു പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഒരേ വാഹനം തന്നെ രണ്ട് ആവശ്യത്തിനായി ഒരേ സമയം ഓടിയതായി കാണിച്ചിരിക്കുന്നു.

ശ്രീ. മുസ്തഫ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള KL-32A-2191 എന്ന വാഹനമാണ് രണ്ടു പദ്ധതികളിലും ഓടിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

ബിൽ നമ്പർ –3/6.5.2020-31970/- രൂപ (പെയിൻ ആന്റ് പാലിയേറ്റീവ്)

ബിൽ നമ്പർ –5/26.5.2020-24318/- രൂപ (സമഗ്ര ആരോഗ്യ പരിപാടി)

ബിൽ നമ്പർ –24/14.1.2021-31867/- രൂപ (പെയിൻ ആന്റ് പാലിയേറ്റീവ്)

ബിൽ നമ്പർ –23/30.12.2020-10800/- രൂപ (സമഗ്ര ആരോഗ്യ പരിപാടി)

| തീയതി | ഓടിയസമയം (പെയിൻ ആന്റ് പാലിയേറ്റീവ്) | ഓടിയസമയം (സമഗ്ര ആരോഗ്യ പരിപാടി) | നൽകിയ തുക (പെയിൻ ആന്റ് പാലിയേറ്റീവ്) | നൽകിയ തുക (സമഗ്ര ആരോഗ്യ പരിപാടി) |
|---|---|---|---|---|
| 11.04.2020 | 9 Am –2.30 Pm | 9.30 Am – 1.30 Pm | 1050 | 600 |
| 27.04.2020 | 9.30 Am - 2.30 Pm | 9.30 Am – 1.30 Pm | 1050 | 600 |
| 29.04.2020 | 9 Am –2.30 Pm | 9.30 Am – 1.30 Pm | 1050 | 600 |
| 05.11.2020 | 9.30 Am - 2.30 Pm | 9.30 Am – 1.30 Pm | 1050 | 650 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാഹനം സമഗ്ര ആരോഗ്യ പരിപാടിക്കായി ഓടിയത് വൈകുന്നേരം ആണെന്നും രാവിലെ ഓടി എന്നത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി നൽകി. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 4 ദിവസങ്ങളിലും തെറ്റായി രേഖപ്പെടുത്തിയത് വിശ്വസനീയമല്ലാത്തതിനാൽ രണ്ടാമതായി മാറിയ ബില്ലിലെ തുക ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

11.04.2020, 27.04.2020, 29.04.2020 എന്നീ തീയതികളിലെ ചെലവിന്റെ ബിൽ രണ്ടു പദ്ധതികളിലും രണ്ടാമതായി മാറിയത് സമഗ്ര ആരോഗ്യ പരിപാടിയുടെ ബിൽ ആണ്. ആയതിനാൽ പ്രസ്തുത ബിൽ പ്രകാരം നൽകിയ തുക (600+600+600=1800/-രൂ)യും 5.11.2020 ചെലവിന്റെ ബിൽ രണ്ടു പദ്ധതികളിലും രണ്ടാമതായി മാറിയത് പെയിൻ ആന്റ് പാലിയേറ്റീവിന്റെ ബിൽ ആയതിനാൽ ആയതു പ്രകാരം നൽകിയ 1050 രൂപയും ആകെ 2850 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-40 ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഭിന്നശേഷിക്കാർക്കായി സ്കോളർഷിപ്പ്, ഉപകരണങ്ങൾ നൽകൽ, എന്നീ പ്രൊജക്ടുകൾ മുഖേന തൻവർഷം 1820568 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകൾ നിരീക്ഷിച്ചു.

1.പ്രൊജക്ട്.നം 7/21 പ്രകാരം 398068 രൂപ ചെലവഴിച്ച് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് മെഡിക്കൽ ക്യാമ്പ് നടത്തി ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (22/2018/14.02.2018) ഖ.7.1.3 പ്രകാരം ആവശ്യകത നിർണ്ണയിക്കാൻ മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക്/വിതരണ രജിസ്റ്റർ ഉപകരണങ്ങൾ ആവർത്തിച്ച് നൽകാൻ പാടില്ലെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിക്കത്തക്ക രീതിയിലല്ല തയ്യാറാക്കിയിരിക്കുന്നത്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഉപകരണം ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. ഭിന്നശേഷിക്കാരുടെ പ്രൊജക്ട് നിർവ്വഹണത്തിനായി പ്രത്യേക ഗുണഭോക്തൃരജിസ്റ്റർ സൂക്ഷിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

2. പ്രസ്തുത ക്യാമ്പിൽ വെച്ച് 7 പേർക്ക് ഹിയറിംഗ് എയ്ഡ് വിതരണം നടത്തിയിട്ടുണ്ട്. (ഇൻവോയ്സ് നം. 592/12.01.2021/92950 രൂപ) പരിശോധന നടത്തി ഉപകരണങ്ങൾ ശുപാർശ ചെയ്ത ഡോക്ടർ/ ഓഡിയോളജിസ്റ്റ് ആയത് തത്സമയം സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിച്ചതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3.വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കാനും സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശമുണ്ട്. ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-41 കൃഷി വർക്കിംഗ് ഗ്രൂപ്പ് -ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ട് ശുപാർശ നടപ്പാക്കാവുന്നതാണ്.

കൃഷി വർക്കിംഗ് ഗ്രൂപ്പ് രജിസ്റ്റർ പരിശോധിച്ചതിൽ 15.01.20 ലെ 3-ാം നമ്പർ തീരുമാനം, 20.2.2020 ലെ 9-ാം നമ്പർ തീരുമാനം,

28.02.20ലെ 1-ാം നമ്പർ തീരുമാനം എന്നിവ പ്രകാരം കരഭൂമികൃഷിക്ക് ജലസേചനത്തിന് ഉപയുക്തമാകുംവിധം ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ട് പഞ്ചായത്തിൽ നടപ്പാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. സമ്പന്നമായ നീർത്തടങ്ങളുള്ള പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കുഴൽകിണറുകൾക്കായി അസി.എഞ്ചിനീയറുടെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നുമുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ സംബന്ധിച്ച് കൃഷി വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവന്ന ആശയം അടിയന്തിരമായി നടപ്പിലാക്കുന്നത്, കാർഷിക മേഖലയായ പഞ്ചായത്തിനെ ഭക്ഷ്യമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സഹായിക്കും. ഈ വിഷയം വികസനസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

## 1-42 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലുള്ള അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

പദ്ധതി നം. – S0126/22

അടങ്കൽ തുക – 800000/-

പ്ലാൻ ഫണ്ട് - 400000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം –200000/-

ജില്ലാ പഞ്ചായത്ത് വിഹിതം –200000/-

ബിൽ നം. 01/20-21 തീയതി 22.01.2021, തുക –400000/-

02/20-21 തീയതി 25.01.2021, തുക - 200000/-

03/20-21 തീയതി 27.03.2021, തുക –200000/-

ക്ഷീരകർകർക്ക് പാലിന് സബ്സിഡി നൽകിയ മേൽ പദ്ധതിയിൽ പട്ടേപ്പാടം സൊസൈറ്റിയിൽ പാൽ അളക്കുന്ന ബാബുരാജൻ.എം.വി എന്ന വ്യക്തിയും അനിത ബാബുരാജൻ എന്ന വ്യക്തിയും ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. ടി വ്യക്തികൾക്ക് സബ്സിഡി ഇനത്തിൽ നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം & തീയതി | ബാബുരാജൻ എം വി | അനിത ബാബുരാജൻ |
|---|---|---|
| 01/20-21, 22.01.2021 | 13098/- | - |
| 02/20-21, 25.01.2021 | 21777/- | - |
| 03/20-21, 27.03.2021 | 5125/- | 17345/- |

ഇതു പ്രകാരം ആകെ 57345/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22 /2018/ തസ്വഭവ. 14.02.2018ലെ ഉത്തരവു പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4 രൂപയും അതുപ്രകാരം ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക 40,000 രൂപയിൽ കവിയുന്നില്ല എന്നും ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഇപ്രകാരം സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധമാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/22.07.2021) ഇവർ രണ്ടു പേരും ഒരേ കുടുംബത്തിലെ അംഗങ്ങളാണെങ്കിലും രണ്ടു പേരുടെയും ഉപജീവന മാർഗ്ഗം പശു വളർത്തലാണെന്നും രണ്ടു പേരും ക്ഷീരസംഘത്തിൽ പാൽ അളന്നിട്ടുണ്ടെന്നും ആയതിന് ആനുപാതികമായി മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതുമെന്നും ഇതു പ്രകാരം ഒരു കർഷകന് 40000/- രൂപയിൽ അധികം നൽകിയിട്ടില്ല എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി.അനിത ബാബുരാജും ശ്രീ.ബാബുരാജും ഭാര്യാഭർത്താക്കൻമാരാണ്. ലൈവ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രീ.ബാബുരാജിന്റെ പേരിൽ മാത്രമാണ് കന്നുകാലി ഫാം രജിസ്റ്റർ ചെയ്തിട്ടുള്ളത്. വ്യത്യസ്ത സൊസൈറ്റികളിൽ പാൽ അളന്ന് വ്യത്യസ്ത അക്കൌണ്ടുകൾ ഉപയോഗിച്ച് ഇത്തരത്തിൽ അനുവദനീയമായതിലും അധികം തുക സബ്സിഡി ഇനത്തിൽ കൈപ്പറ്റുന്നത് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഇത്തരം അപാകതകൾ ഒഴിവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അധികമായി നൽകിയ തുക 17345/- രൂപ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം-വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ വേനൽക്കാലത്ത് ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തിയത് എ.വി.ബാബു എന്ന കരാറുകാരനാണ്. സാമ്പത്തികവർഷം 157920 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്, പ്രൊജക്റ്റ് നം 55/21, അടങ്കൽ 300000 രൂപ.

ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം സംബന്ധിച്ചുള്ള ദുരന്തനിവാരണവകുപ്പിന്റെ 20/3/19 ലെ DMB2/32/19/DMD/Tvm നം ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിലെ ക്രമനം 6 പ്രകാരം ജലവിതരണത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല എന്ന ഉറപ്പുവരുത്തേണ്ടതും ഉപയോഗയോഗ്യമാണെന്ന് ജലഅതോറിറ്റിയോ ഭക്ഷ്യസുരക്ഷാവകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ (തൃശ്ശൂർ 5) പരിശോധനാറിപ്പോർട്ട് പ്രകാരം 28/5/18 മുതൽ 2/6/18 വരെ പരിശോധന നടത്തിയതിന്റെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്, അതായത് രണ്ട് വർഷം മുൻപുള്ളത്.

ഗുണനിലവാരം ഉറപ്പുവരുത്താതെ കുടിവെള്ളവിതരണം നടത്തിയത് ദുരന്തനിവാരണവകുപ്പിന്റെ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണ്.

ഇതു സംബന്ധിച്ച് നൽകിയ 15/26/7/21 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കുടിവെള്ള വിതരണം സംബന്ധിച്ച് പരാതികൾ ഒന്നും ഉണ്ടായിട്ടില്ല എന്നാണ്. എങ്കിൽ പോലും ഇത്തരം സംഗതികളിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-44 ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

ഹോമിയോ - മരുന്ന് വാങ്ങൽ പദ്ധതി

പദ്ധതി നം. - S0015/21

അടങ്കൽ - 200000/-

ചെലവ് തുക – 200000/-

ബിൽ നം. - 01/2020-21 തീയതി 19.10.2020, തുക – 200000/-

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള പ്രൊജക്ട് നം. S0015/21 – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതിയിൽ ബിൽ നം 01/2020-21 തീയതി 19.10.2020 പ്രകാരം 200000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ - ഓപ്പറേറ്റീവ് ഫാർമസി എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 26.03.2021 ലെ ഇൻവോയ്സ് നം. LF-114 പ്രകാരം 100917/- രൂപയുള്ള മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/20-21 തീയതി 22.07.2021), ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമാക്കാൻ ഫോൺ മുഖേനയും 22.07.2021 ലെ 28/2021/GHDV നമ്പർ കത്ത് പ്രകാരവും പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

99083/- രൂപയുടെ മരുന്നുകൾ കൂടെ എത്രയും പെട്ടെന്ന് ഹോംകോയിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 എസ് എസ് എ ക്ക് വിഹിതം നൽകൽ - എസ് സി & ജനറൽ പദ്ധതികൾ -കൃത്യമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

1. പദ്ധതി നമ്പർ –0043/21 ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ –ഹെഡ്മിസ്ട്രസ്, ജിയുപിഎസ് കട്ടപ്പശ്ശേരി

ബിൽ നമ്പർ –1/23.06.2020-447112/-

2. പദ്ധതി നമ്പർ –0044/21 എസ് സി

നിർവ്വഹണ ഉദ്യോഗസ്ഥ –ഹെഡ്മിസ്ട്രസ്, ജിയുപിഎസ് കട്ടപ്പശ്ശേരി

ബിൽ നമ്പർ –2/23.06.2020-258104/-

2020-21 വർഷത്തെ എസ് എസ് എ വിഹിതം ഇനത്തിൽ 705216/- രൂപ എസ് എസ് എക്ക് കൈമാറിയിട്ടുണ്ട്. എസ് എസ് എ ലഭ്യമാക്കേണ്ട എസ്റ്റിമേറ്റ് ഫയലിൽ ഇല്ലാത്തതിനാൽ എത്ര രൂപയാണ് വേളൂക്കര പഞ്ചായത്തിൽ ചെലവഴിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നത് എന്നത് അറിയുവാൻ സാധിച്ചിട്ടില്ല. ആയതിന്റെ 40ശതമാനം രൂപ ആണ് പഞ്ചായത്ത് നൽകേണ്ടത്. ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് ആയതിന്റെ 40 ശതമാനം തുക മാത്രമേ നൽകിയിട്ടുള്ളൂ എന്നത് ഉറപ്പു വരുത്തേണ്ടതാണ്. അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തുക അടുത്ത വർഷങ്ങളിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ 447112/- രൂപ എസ് സി വിഹിതം നൽകിയത് സംബന്ധിച്ച് കൃത്യമായ ധനവിനിയോഗ സാക്ഷ്യപത്രം (എത്ര എസ് സി കുട്ടികൾക്കായി എത്ര തുക ചെലവഴിച്ചു) എസ് എസ് എ യിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-8/23/7/21)

## 1-46 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ആസ്തി നിർമ്മാണപദ്ധതികൾ -ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽ 6 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ 2020-21 വർഷത്തിൽ പൂർത്തിയാക്കി. മെറ്റീരിയൽസിനായി 24.02.2020ലെ നം.1/MGNREGA/19-20, 6.7.2020ലെ നം.1/MGNREGA/20-21 പ്രകാരം ടെണ്ടർ നോട്ടിഫിക്കേഷൻ നടത്തി. 23.03.2020ലെ 2/4 തീരുമാനപ്രകാരം 3 പ്രവൃത്തികൾക്കാവശ്യമായ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് റീ-ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭിച്ച 3

ടെണ്ടറുകളിൽ കുറവു സംഖ്യ ക്വാട്ട് ചെയ്ത K.K വിൻസെന്റിന്റെ നിരക്ക് അംഗീകരിക്കുന്നതിനു തീരുമാനിച്ചു. 18.08.2020 ലെ 1/1 നം.തീരുമാനപ്രകാരം MGNREGS 4 പ്രവൃത്തികൾ കൂടി K.K.വിൻസെന്റിന് അംഗീകരിച്ചു കൊടുത്തതായി കാണുന്നു. 6 റോഡ് പ്രവൃത്തികളോടൊപ്പം അവിട്ടത്തൂർ – കോതകുളം പുനരുദ്ധാരണം എന്ന പ്രവൃത്തിയടക്കം ആകെ 7 പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

(I) കല്ലംകുന്ന് പള്ളി ലിങ്ക് റോഡ് കോൺക്രീറ്റിംഗ്-231000

(Ii) തൊമ്മാന-കൃഷിഭവൻ കുളം റോഡ് കോൺക്രീറ്റിംഗ്-128000

(Iii) അവിട്ടത്തൂർ-കോതകുളം പുനരുദ്ധാരണം-146000

(Iv) മനപ്പടി-പുന്നേലിപ്പടി റോഡ് കോൺക്രീറ്റിംഗ്-67000

(V) അഗസ്ത്യപുരം റോഡ് കോൺക്രീറ്റിംഗ്-67000

(Vi) പൊന്നാത്ത് റോഡ് കോൺക്രീറ്റിംഗ്-177000

(Vii) പുഞ്ചപ്പാടം ലിങ്ക് റോഡ് കോൺക്രീറ്റിംഗ്

മേൽപ്പറഞ്ഞ പദ്ധതികളുടെയും ഇതര പദ്ധതികളുടെയും ഫയലുകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ ഫയലും വർക്ക് ഫയലുകളും അവശ്യരേഖകൾ/രജിസ്റ്ററുകൾ സഹിതം പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. ജി.ഒ (എം.എസ്) 93/2012 തസ്വഭവ 31.3.2012 പ്രകാരം തൊഴിലുറപ്പുപദ്ധതികളിൽ സാധനസാമഗ്രികളുടെ എണ്ണവും/അളവും സബ്കമ്മറ്റി തിട്ടപ്പെടുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ചട്ടങ്ങൾ പാലിച്ച് വാങ്ങേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമായിട്ടില്ല. കോൺട്രാക്ടറെ നിശ്ചയിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയെങ്കിലും ടെണ്ടർ ഫയലിൽ സ്വീകാര്യമായ ടെണ്ടറുകളുടെ താരതമ്യപത്രിക, അംഗീകരിച്ച കരാറുകാരനുമായുള്ള എഗ്രിമെന്റ് എന്നിവ സൂക്ഷിച്ചിട്ടില്ല.
2. തൊഴിലുറപ്പുപദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് ഫയലിൽ ഉൾചേർത്തിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന 18 രേഖകളിൽ കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ്, മെറ്റീരിയൽ വൗച്ചറുകളും ബില്ലുകളും, റോയൽറ്റി അടച്ച രശീതിന്റെ കോപ്പി, പ്രവൃത്തിയുടെ 3 ഘട്ടങ്ങളിലുള്ള ഫോട്ടോ(pre-during-post), കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ആസ്തിയുടെ ജിയോ ടാഗുള്ള ഫോട്ടോ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഉടങ്ങിയവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

3. ഓരോ വർക്കിനും ആവശ്യമായ മെറ്റീരിയലുകൾ കരാറുകാരൻ ഇറക്കി സ്റ്റാക്ക് ചെയ്തത് ഓവർസിയർ അളന്നു സാക്ഷ്യപ്പെടുത്തിയതിന്റെ രേഖ ലഭ്യമായിട്ടില്ല. മെറ്റീരിയൽസിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ വരുന്ന സാമ്പത്തിക ഇടപാടുകൾ MIS മുഖേന ആയതിനാൽ 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന പദ്ധതികളുടെ ബില്ലുകളിൽ നിന്നും 2% TDS സ്രോതസ്സിൽ നിന്നും ഈടാക്കാൻ കഴിയുകയില്ല. പകരം കോൺട്രാക്ടർ ടി തുക പഞ്ചായത്ത് ഓഫീസിൽ അടവാക്കണമെന്ന് നിർദ്ദേശമുണ്ട്. വാർഡ് X ൽനടപ്പാക്കിയ മനപ്പടി-പുന്നേലിപ്പടി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 365959 രൂപയാണ്. MB NO.308/20-21 പേജ് 9 പ്രകാരം മെറ്റീരിയൽ കോസ്റ്റ് 291475 രൂപയാണ്.

ലേബർ ചാർജ് 57934

മെറ്റീരിയൽ കോസ്റ്റ് 291475

മിക്സർ മെഷീൻ & വൈബ്രേറ്റർ 13550

ഡിസ്പ്ലേ ബോർഡ് 3000

ആകെ പ്രവൃത്തിമൂല്യം 365959

കോൺട്രാക്ടറിൽ നിന്നും 2% TDS ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കോൺട്രാക്ടറുടെ വിവരങ്ങൾ-പേര്, തിരിച്ചറിയൽ രേഖ, TAN/PAN മുതലായവ ബാങ്ക് ഡിറ്റെയിൽസ്, GSTIN NO എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5. 2005ലെ തൊഴിലുറപ്പ് നിയമം 17(1) വകുപ്പ് പ്രകാരം ഗ്രാമസഭയ്ക്ക് പഞ്ചായത്തിലെ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിനും മോണിറ്ററിംഗിനും അവകാശമുണ്ട്. 17(2) ഉപവകുപ്പ് പ്രകാരം എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് പരിശോധനയുടെ ഫലങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേകഗ്രാമസഭാ യോഗം വിളിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/29.07.2021) ഭാവിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ന്യൂനതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ പരാമർശിച്ച 7 പ്രവൃത്തികളുടേയും ഫയലുകൾ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള രേഖകൾ ഉൾചേർത്ത്, ക്രമ നം.4ൽ സൂചിപ്പിച്ച കോൺട്രാക്ടറുടെ വിവരങ്ങൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-47 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

തുക : 625000 (വികസനഫണ്ട് പൊതുവിഭാഗം- 625000)

ബിൽ നമ്പർ –22001485 /29.01.21 - 625000 രൂപ, വികസനഫണ്ട് പൊതുവിഭാഗം

പദ്ധതിക്കായി മേൽപ്രകാരം നൽകിയ 625000 രൂപയ്ക്ക് എസ്.എൽ.ബി.പിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-48 പദ്ധതി നിർവഹണവും പദ്ധതിച്ചെലവും (മരാമത്ത്)

തൻവർഷം സ്പിൽ ഓവർ ഉൾപ്പെടെ 189 പ്രൊജക്റ്റുകൾ ഉണ്ടായിരുന്നതിൽ 162 പ്രൊജക്റ്റുകൾക്കും തുക ചെലവിടാൻ കഴിഞ്ഞിട്ടുണ്ട്.(85.71%). മൊത്തം പദ്ധതി അടങ്കൽ 63665877 രൂപയായിരുന്നു. ഇതിൽ 46648498 രൂപ ചെലവഴിച്ചിട്ടുണ്ട്. (73.27%) പദ്ധതി നിർവഹണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## 1-49 കരാറിൽ നിർവഹണോദ്യോഗസ്ഥനും കരാറുകാരനും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയറും കരാറുകാരനും അന്തിമമായി കരാറിൽ ഒപ്പിടാത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽ –പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം | പ്രവൃത്തി | അടങ്കൽ | ഫണ്ട് | കരാറുകാരൻ | കരാർ | അളവുപുസ്തകം | ബിൽ നം,തുക |
|---|---|---|---|---|---|---|---|
| 268/21 | പെരുമ്പാലക്കുന്ന് തോട് ബണ്ട് സംരക്ഷണം | 1721000/- | പ്രളയ ദുരിതാശ്വാസ ഫണ്ട് | കെ.കെ ഷാജി | 12/AE/LSGD /19-20/20.3.20 | 160/19-20 | 150/18 /3/21, 1341178 രൂപ<br>170/30 /3/21, 377843 രൂപ<br>ആകെ 1719021 രൂപ |
| 236/21 | പാറപ്പുറം കോളനി റോഡ് കാന നിർമാണം | 593277/- | സംരക്ഷണ ഗ്രാന്റ് റോഡിതരം | കെ.കെ.ഷാജി | 118/AE /LSGD/2019-20 /20.3.20 | 157/19-20 | 100/29 /1/20, 487648 രൂപ<br>156/18 /3/21, 82400 രൂപ<br>ആകെ 570048 രൂപ |

കരാറുകളിൽ ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കേണ്ടത് നിർവഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. കുറ്റമറ്റ രീതിയിൽ അവ സൂക്ഷിക്കാൻ പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്.

## 1-50 മോണിറ്ററിങ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല

13 ാം പദ്ധതി മാർഗ രേഖയിലെ (സ.ഉ.( കൈ)11/18/ത.സ്വ.ഭ.വ.തിരുവനന്തപുരം തീയ്യതി 20/1/18 ) 13.1 ഖണ്ഡിക അനുസരിച്ച് അതാതു വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തണമെന്ന് നിർദേശിക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പ് ആയി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും സമർപ്പിക്കേണ്ടതുമാണ്. പക്ഷെ ഒരു മരാമത്ത് പ്രൊജക്റ്റിന്റെയും ഫയലിനൊപ്പം മോണിറ്ററിങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, മോണിറ്ററിങ് നടത്തിയതിന്റെ വിവരം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

2020 ലെ അവസാനത്തെ യോഗത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് എഴുതി തയ്യാറാക്കിയിട്ടില്ല. അവസാനയോഗത്തിൽ ഹാജർ രേഖപ്പെടുത്തിയതല്ലാതെ നിർദേശങ്ങളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പുകൾ അവർക്ക് നിക്ഷിപ്തമായ ചുമതലകൾ ആധികാരികമായി നിർവഹിക്കുവാൻ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് 33/28.7.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഭാവിയിൽ പ്രൊജക്റ്റുകളുടെയെല്ലാം മോണിറ്ററിങ് റിപ്പോർട്ട്, വർക്കിങ് ഗ്രൂപ്പ മിനിറ്റ്സ് എന്നിവ ആധികാരികമായി സൂക്ഷിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## 1-51 വൈകി പൂർത്തീകരിക്കുന്ന കരാറുകളിൽ പിഴ ഈടാക്കുന്നില്ല

കരാറുകാരുമായി ചമക്കുന്ന കരാറിലെ ഏഴാം നിബന്ധനയനുസരിച്ച് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം കരാർ കാലാവധിയുടെ 20% വരെ അധികസമയം നീട്ടി അനുവദിക്കാവുന്നതാണ്. തുടർന്നുള്ള ആദ്യ മൂന്ന് മാസം കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കിക്കൊണ്ട് പ്രവൃത്തി നിർവഹിക്കാവുന്നതാണ്. എന്നാൽ പ്രവൃത്തിസമയം നീട്ടിക്കിട്ടുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിക്കുകയോ, സമയം നീട്ടി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്ന് പിഴ ഈടാക്കുന്നത് മുതൽക്കൂട്ടാണെന്ന് മാത്രമല്ല, അപ്രകാരം ചെയ്താൽ അവർ സമയബന്ധിതമായി പ്രവൃത്തി ചെയ്യുവാൻ നിർബന്ധിതരാകുന്നതുമാണ്. വൈകി പൂർത്തീകരിച്ച മൂന്ന് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നം. | 272/21 |
| പ്രവൃത്തി | ചിറവളവ് വലിയതോട് ചെളിമാറ്റലും പാർശ്വസംരക്ഷണവും |
| അടങ്കൽ | 1157000 |
| ഫണ്ട് | SCP |
| കരാറുകാരൻ | കെ.കെ.ഷാജി |
| കരാർ | 107/AE/LSGD/VLK/19-20/20.3.20 |
| അളവുപുസ്തകം | 106/19-20 |
| കരാർ തുക | 1031852.87 |
| ബിൽ നം, തുക | 69/9.10.20, 322245 രൂപ<br>134/27.1.21, 833414 രൂപ<br>ആകെ 1155659 രൂപ |
| കരാർ കാലാവധി | മൂന്ന് മാസം - സാ.അനുമതി-LSGD/TS /19-20/10033/26.1.20 |
| പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | 6.1.21 |

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 274/21 |
| പ്രവൃത്തി | തോമാലിത്തറ കാപ്പിപാടം തോട് പാർശ്വസംരക്ഷണം |
| അടങ്കൽ | 780000 |
| ഫണ്ട് | വികസനഫണ്ട്-പ്രളയദുരിതാശ്വാസം |
| കരാറുകാരൻ | കെ.കെ.ഷാജി |
| കരാർ | 108/AE/LSGD/VLK/19-20/20.3.20 |
| അളവുപുസ്തകം | 158/19-20 |
| കരാർ തുക | 689523 |
| ബിൽ നം,തുക | 148/18.3.21, 252231 രൂപ<br>160/23.3.21, 518894 രൂപ<br>ആകെ 770925 രൂപ |
| കരാർ കാലാവധി | മൂന്ന് മാസം – സാ.അനുമതി – LSGD/TS /19-20/10022/24.1.20 |
| പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | 12.1.21 |

പ്രളയദുരിതാശ്വാസഫണ്ട് പ്രകാരം ചെയ്ത ഈ പ്രവൃത്തി ആരംഭിച്ചത് തന്നെ ഒരു മഴക്കാലത്തിന് ശേഷം 22.10.20നാണ്. ഇപ്രകാരം വൈകി പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽതുക അനുവദിക്കുമ്പോൾ അനുബന്ധകരാർ വെക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തതായി ഫയലിൽ കണ്ടില്ല.

3.

| | |
|---|---|
| പ്രൊജക്റ്റ് നം | 241/21 |
| പ്രവൃത്തി | വിവിധ വാർഡുകളിൽ കാന നിർമാണം |
| അടങ്കൽ | 953518 രൂപ |
| ഫണ്ട് | സി.എഫ്.സി. |
| കരാറുകാരൻ | കെ.കെ,ഷാജി |
| കരാർ | 120/AE/LSGD/VLK/19-20/20.3.20 |
| അളവുപുസ്തകം | 91/18-20 |
| കരാർ തുക | 853167.28 |
| ബിൽ നം,തുക | 109/22.12.20, 372788 രൂപ<br>133/31.1.21, 555524 രൂപ |
| കരാർ കാലാവധി | മൂന്ന് മാസം-സാ.അനുമതി-LSGD/TS /19-20/7170/15.1.20 |
| പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | 28.1.21 |

ഇപ്രകാരം വൈകി പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുമ്പോൾ അനുബന്ധകരാർ ചമച്ചതായി കണ്ടില്ല.
അപാകതകൾ സംബന്ധിച്ച് 33/28.7.21 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കോവിഡ് നിയന്ത്രണവും തുടർന്ന വന്ന മഴക്കാലവുമാണ് പ്രവൃത്തി വൈകി പൂർത്തീകരിക്കാൻ കാരണമായത് എന്നാണ് നിർവഹണോദ്യഗസ്ഥ അറിയിച്ചത്. മുൻകൂട്ടി കാണാൻ കഴിയാത്ത സംഗതികളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ പ്രവൃത്തി കാലയളവിന്റെ 20% അധികസമയം നീട്ടി അനുവദിക്കാനേ കരാറിൽ വ്യവസ്ഥയുള്ളൂ, കരാർ ചമച്ചതാകട്ടെ കോവിഡ് നിയന്ത്രണം വരുന്നതിന് മുമ്പുമാണ്. ഇക്കാര്യങ്ങൾ സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവന്ന് അനുകൂല ഉത്തരവുകൾ സമ്പാദിക്കാവുന്നതാണ്. ഇതിനായി വികേന്ദ്രീകരണ ആസൂത്രണസമിതിയുടെ ശ്രദ്ധയിൽ യഥാസമം പ്രസ്തുതകാര്യം കൊണ്ടുവന്നാൽ കാര്യങ്ങൾ സുതാര്യമാകുന്നതാണ്. അത്തരം നടപടികൾ സ്വീകരിക്കുവാനുള്ള സമീപനങ്ങൾ നിർവഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യഥാസമയം ഉണ്ടാകേണ്ടതാണ്. ആകയാൽ സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്തെല്ലാമാണ് കണ്ടെത്തി അവയ്ക്ക് കരാറിൽ അനുവദിക്കുവിധം പിഴ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നിലവിൽ 2012ലെ KPWD മാന്വൽ പ്രകാരമല്ല കരാറുകൾ ചമച്ചു വരുന്നത്. KPWD മാന്വൽ ഖണ്ഡിക 2110 അനുസരിച്ച് നിർദ്ദിഷ്ട ഫോമിൽ കരാറുകാരൻ കരാറുടമ്പടി വക്കേണ്ടതും കരാർ ദീർഘീകരണത്തിന് ഖണ്ഡിക 2112 നിബന്ധനകൾ പാലിച്ച് ഖണ്ഡിക.2112.1 അനുസരിച്ച് ഭാവിയിൽ പിഴ ഈടാക്കേണ്ടതുമാണ്.

## 1-52 ആസ്തി രജിസ്റ്റർ കുറ്റമറ്റരീതിയിൽ പരിപാലിക്കുന്നില്ല.

ആസ്തി രജിസ്റ്റർ ആധികാരികമല്ല. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല.

ഉദാഹരണം –റോഡുകളുടെ മൂല്യം നിർണയിക്കുന്ന കാര്യത്തിൽ 1995 മുതൽക്കുള്ള നിർമാണച്ചെലവ്, അറ്റകുറ്റപ്പണിക്ക് വേണ്ടി വന്ന ചെലവ്, വാർഡ് നം., തേയ്മാനം എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

780 മീറ്റർ നീളമുള്ള ആളൂക്കാരൻ റോഡ് ഗ്രാവൽ റോഡ് ആണ്. ഇത് 2009-10 ൽ ഭാഗികമായി അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെങ്കിലും വേണ്ടിവന്ന ചെലവിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ 193 മീറ്റർ നീളമുള്ള കുന്നമേൽക്കാട് തേപ്പിൽ റോഡ് 2008-09 ൽ ഭാഗികമായി റിപ്പയർ ചെയ്ത ചെലവിന്റെ വിവരവുമില്ല.

സ്ഥിരാസ്തികളുടെ മൂല്യത്തിന്റെ ആധികാരികത നിർണയിക്കുന്നതിന്റെ സാധുത ഉറപ്പുവരുത്തുന്നത് ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

## 1-53 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രൊജക്റ്റിന്റെ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി കൊമ്പൊടിഞ്ഞാമാക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 229/21, റോഡരികിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |

| | |
|---|---|
| അടങ്കൽ | 78742 |
| ഫണ്ട് | വികസനഫണ്ട് – ജനറൽ |
| ബിൽ നം,തുക | 33/19.3.21, 53797 രൂപ |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വേണ്ടി A2-606/21/8.7.21 പ്രകാരം കത്തയച്ചിട്ടുള്ളതാണ്. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് 36/29.7.21 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-54 ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സർക്കാർ ഉത്തരവിനനുസൃതമല്ലാതെ തനതുഫണ്ടിൽ നിന്നും അടവാക്കുന്നു

ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നടവാക്കുന്നത് സർക്കാർ ഉത്തരവിന് അനുസൃതമല്ല. കുടിവെള്ളപദ്ധതികളുടെ വൈദ്യുതിചാർജിനത്തിൽ വാർഷികകണക്കുകൾ പ്രകാരം 2019-20ൽ 908523 രൂപയും 2020-21ൽ 861053 രൂപയും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.1275/09/ത.സ്വ.ഭ.വ.30.5.09ലെ നിർദേശപ്രകാരം കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ തുടർനടത്തിപ്പിനായി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്. ജനറൽ വിഭാഗങ്ങളുടെ വൈദ്യുതിചാർജ് ഗുണഭോക്തൃസമിതി തന്നെ അടവാക്കേണ്ടതാണ്. പക്ഷെ ഗ്രാമപഞ്ചായത്തിൽ ജനറൽ വിഭാഗത്തിന്റെ കുടിവെള്ള കറന്റ് ചാർജും തനത് ഫണ്ടിൽ നിന്നുതന്നെയാണ് അടവാക്കുന്നത്.

കുടിവെള്ളപദ്ധതികളുടെ കറന്റ് ചാർജ് ഒടുക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ അടവാക്കുന്ന തുകമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ, വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ആധികാരികവിവരങ്ങൾ യഥാവിധി ചേർക്കുവാൻ നടപടികളെടുക്കേണ്ടതാണ്. പുതുതായി ആരംഭിച്ച ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നതിനായി 4(1)/16.7.19 നമ്പർ ഭരണസമിതി തീരുമാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തിയെങ്കിലും ഭരണസമിതി പ്രസ്തുത തീരുമാനത്തിൽ ഉറച്ചുനിന്നതിനാൽ 10(1)/9.8.19 നമ്പർ തീരുമാനപ്രകാരം സർക്കാരിലേക്ക് ആയത് സാധൂകരിക്കുന്നതിനുള്ള കത്തയച്ചുവെങ്കിലും അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. പാവപ്പെട്ട ജനങ്ങൾ ഉപയോഗിക്കുന്ന പദ്ധതി ആയതിനാലാണ് കുടിവെള്ളപദ്ധതികളുടെ കറന്റ് ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുവാൻ (4(1)/16.7.19 നമ്പർ തീരുമാനം) തീരുമാനം എടുത്തത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സർക്കാർ മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ലാത്ത ചെലവാകയാൽ ഇക്കാര്യത്തിൽ സർക്കാരിൽനിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി തീരുമാനങ്ങൾ കൈകൊള്ളുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ അംഗങ്ങളെ ധരിപ്പിക്കുമെന്ന് ഇതെക്കുറിച്ച് 37/28.7.21 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## 1-55 സി.എഫ്.സി.ഫണ്ട് കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി വിനിയോഗിച്ചത് സർക്കാർ ഉത്തരവിന് അനുസൃതമല്ല

സർക്കാർ ഉത്തരവ് (സാധാ)1275/09/ത.സ്വ.ഭ.വ/30.5.2009 നമ്പർ ഉത്തരവിൽ കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ അവ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതും തുടർനടത്തിപ്പ് അവരുടെ ചുമതലയുമാണ്. ജനറൽ വിഭാഗം കുടിവെള്ള പദ്ധതികൾക്ക് വരുന്ന അറ്റകുറ്റപ്പണികൾ ആ വിഭാഗം ഗുണഭോക്തൃസമിതി തന്നെ നിർവഹിക്കേണ്ടതാണ്. പക്ഷെ ഗ്രാമപഞ്ചായത്തിൽ 1292475/- രൂപ സി.എഫ്.സി. ഫണ്ട് ജനറൽ വിഭാഗം കുടിവെള്ളപദ്ധതികളുടെ വിപുലീകരണത്തിന്റെ കൂടെ അറ്റകുറ്റപ്പണിക്കായി ഉപയോഗിച്ചിട്ടുണ്ട്.

വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം | ബിൽ നം/തീയ്യതി | തുക |
|---|---|---|
| 175/2021 | 55/13.7.20 | 479431 |
| ,, | 85/10.11.20 | 325572 |
| 265/2021 | 60/11.8.20 | 487472 |

സർക്കാർ ഉത്തരവിനനുസൃതമല്ലാതെ ഫണ്ട് ചെലവാക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ടുകൊണ്ട് 41/29/7/21 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഭാവിയിൽ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി ഇപ്രകാരം ഫണ്ട് ചെലവഴിക്കുകയില്ല എന്ന് നിർഹണോദ്യോഗസ്ഥയായ അസി.എൻജിനീയർ അറിയിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പെയിൻ ആന്റ് പാലിയേറ്റീവ്, സമഗ്ര ആരോഗ്യ പരിപാടി പദ്ധതികൾക്കായി ഒരേ ദിവസം ഒരേ വാഹനം ഓടിയത് -തുക തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ-2/2021

പെയിൻ ആന്റ് പാലിയേറ്റീവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പിഎച്ച്സി വേളൂക്കര

പദ്ധതി നമ്പർ-26/21

സമഗ്ര ആരോഗ്യ പരിപാടി

മേൽ രണ്ടു പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഒരേ വാഹനം തന്നെ ഒരേ ദിവസം രണ്ട് ആവശ്യത്തിനായി ഒരേ സമയം ഓടിയതായി കാണിച്ചിരിക്കുന്നു.

ശ്രീ മുസ്തഫ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള KL-32A-2191 എന്ന വാഹനമാണ് രണ്ടു പദ്ധതികളിലും ഓടിയതായി രേഖപ്പെടുത്തിയിരിക്കുന്നത്.വിശദാംശം താഴെ ചേർക്കുന്നു.

ബിൽ നമ്പർ –3/6.5.2020-31970/- രൂപ (പെയിൻ ആന്റ് പാലിയേറ്റീവ്)

ബിൽ നമ്പർ –5/26.5.2020-24318/- രൂപ (സമഗ്ര ആരോഗ്യ പരിപാടി)

ബിൽ നമ്പർ –24/14.1.2021-31867/- രൂപ (പെയിൻ ആന്റ് പാലിയേറ്റീവ്)

ബിൽ നമ്പർ –23/30.12.2020-10800/- രൂപ (സമഗ്ര ആരോഗ്യ പരിപാടി)

| തീയതി | ഓടിയസമയം (പെയിൻ ആന്റ് പാലിയേറ്റീവ്) | ഓടിയസമയം (സമഗ്ര ആരോഗ്യ പരിപാടി) | നൽകിയ തുക (പെയിൻ ആന്റ് പാലിയേറ്റീവ്) | നൽകിയ തുക (സമഗ്ര ആരോഗ്യ പരിപാടി) |
|---|---|---|---|---|
| 11.04.2020 | 9 Am- 2.30 Pm | 9.30 Am- 1.30 Pm | 1050 | 600 |
| 27.04.2020 | 9.30 Am- 2.30 Pm | 9.30 Am- 1.30 Pm | 1050 | 600 |
| 29.04.2020 | 9 Am- 2.30 Pm | 9.30 Am- 1.30 Pm | 1050 | 600 |
| 05.11.2020 | 9.30 Am- 2.30 Pm | 9.30 Am- 1.30 Pm | 1050 | 650 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാഹനം സമഗ്ര ആരോഗ്യ പരിപാടിക്കായി ഓടിയത് വൈകുന്നേരം ആണെന്നും രാവിലെ ഓടി എന്നത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി നൽകി. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 4 ദിവസങ്ങളിലും തെറ്റായി രേഖപ്പെടുത്തിയത് വിശ്വസനീയമല്ലാത്തതിനാൽ രണ്ടാമതായി മാറിയ ബില്ലിലെ തുക ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

11.04.2020, 27.04.2020, 29.04.2020 എന്നീ തീയതികളിലെ ചെലവിന്റെ ബിൽ രണ്ടു പദ്ധതികളിലും രണ്ടാമതായി മാറിയത് സമഗ്ര ആരോഗ്യ പരിപാടിയുടെ ബിൽ ആണ്. ആയതിനാൽ പ്രസ്തുത ബിൽ പ്രകാരം നൽകിയ തുക (600+600+600 = 1800/- രൂ)യും 5.11.2020 ചെലവിന്റെ ബിൽ രണ്ടു പദ്ധതികളിലും രണ്ടാമതായി മാറിയത് പെയിൻ ആന്റ് പാലിയേറ്റീവിന്റെ ബിൽ ആയതിനാൽ ആയതു പ്രകാരം നൽകിയ 1050 രൂപയും ആകെ 2850 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

### 3-2 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലുള്ള അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

പദ്ധതി നം. - S0126/22

അടങ്കൽ തുക - 800000/-

പ്ലാൻ ഫണ്ട് - 400000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം –200000/-

ജില്ലാ പഞ്ചായത്ത് വിഹിതം –200000/-

ബിൽ നം. 01/20-21 തീയതി 22.01.2021, തുക –400000/-

02/20-21 തീയതി 25.01.2021, തുക - 200000/-

03/20-21 തീയതി 27.03.2021, തുക –200000/-

ക്ഷീരകർകർക്ക് പാലിന് സബ്സിഡി നൽകിയ മേൽ പദ്ധതിയിൽ പട്ടേപ്പാടം സൊസൈറ്റിയിൽ പാൽ അളക്കുന്ന ബാബുരാജൻ എം.വി എന്ന വ്യക്തിയും അനിത ബാബുരാജൻ എന്ന വ്യക്തിയും ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. ടി വ്യക്തികൾക്ക് സബ്സിഡി ഇനത്തിൽ നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം & തീയതി | ബാബുരാജൻ എം വി | അനിത ബാബുരാജൻ |
|---|---|---|
| 01/20-21, 22.01.2021 | 13098/- | - |
| 02/20-21, 25.01.2021 | 21777/- | - |
| 03/20-21, 27.03.2021 | 5125/- | 17345/- |

ഇു പ്രകാരം ആകെ 57345/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22 /2018/ തസ്വഭവ. 14.02.2018 ലെ ഉത്തരവ് പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4 രൂപയും അതുപ്രകാരം ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക 40,000 രൂപയിൽ കവിയുന്നില്ല എന്നും ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഇപ്രകാരം സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധമാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/22.07.2021) ഇവർ രണ്ടു പേരും ഒരേ കുടുംബത്തിലെ അംഗങ്ങളാണെങ്കിലും രണ്ടു പേരുടെയും ഉപജീവന മാർഗ്ഗം പശു വളർത്തലാണെന്നും രണ്ടു പേരും ക്ഷീരസംഘത്തിൽ പാൽ അളന്നിട്ടുണ്ടെന്നും ആയതിന് ആനുപാതികമായി മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതുമെന്നും ഇതു പ്രകാരം ഒരു കർഷകന് 40000/- രൂപയിൽ അധികം നൽകിയിട്ടില്ല എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി അനിത ബാബുരാജും ശ്രീ ബാബുരാജും ഭാര്യാഭർത്താക്കൻമാരാണ്. ലൈവ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രീ ബാബുരാജിന്റെ പേരിൽ മാത്രമാണ് കന്നുകാലി ഫാം രജിസ്റ്റർ ചെയ്തിട്ടുള്ളത്. വ്യത്യസ്ത സൊസൈറ്റികളിൽ പാൽ അളന്ന് വ്യത്യസ്ത അക്കൌണ്ടുകൾ ഉപയോഗിച്ച് ഇത്തരത്തിൽ അനുവദനീയമായതിലും അധികം തുക സബ്സിഡി ഇനത്തിൽ കൈപ്പറ്റുന്നത് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഇത്തരം അപാകതകൾ ഒഴിവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അധികമായി നൽകിയ തുക 17345/- രൂപ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച തുകയുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 1755000 | സമഗ്രനെൽകൃഷി വികസനം | 1755000 | - |
| | " | 257298 | തരിശ് നെൽകൃഷി | 257298 | |
| | " | 54480 | തരിശ് കിഴങ്ങ് കൃഷി | 54480 | |
| | " | 4555 | ഫലവൃക്ഷ തൈകൾ വിതരണം | 4555 | |
| | " | 99904 | പാലിയേറ്റീവ് കെയർ | 99904 | |
| | " | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | |

| | | | | | |
|---|---|---|---|---|---|
| | 〃 | 1260,000 | ലൈഫ് ഭവന നിർമ്മാണം എസ്.സി | 1260,000 | |
| | 〃 | 160000 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ എസ്.സി | 160000 | |
| | 〃 | 429820 | ലൈഫ് ഭവന നിർമ്മാണം എസ്.ഡി | 429820 | |
| | 〃 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | |
| ജില്ലാ പഞ്ചായത്ത് | 〃 | 450000 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 450000 | |
| | 〃 | 685546 | സമഗ്രനെൽകൃഷി വികസനം | 685546 | |
| | 〃 | 150000 | പാലിയേറ്റീവ് കെയർ | 150000 | |
| | 〃 | 39000 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 39000 | |
| | 〃 | 900000 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ (ജനറൽ) | 900000 | |
| | 〃 | 2854000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 2854000 | |
| | 〃 | 300000 | അംഗനവാടി പോഷകാഹാരം | 300000 | |
| | 〃 | 222500 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 222500 | |
| | 〃 | 1000000 | ലൈഫ് ഭവന നിർമ്മാണം എസ്.സി | 1000000 | |
| | 〃 | 147000 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ (എസ്.ടി) | 147000 | |
| | 〃 | 98241 | ജലാശങ്ങലിലെ ചെളി നീക്കം ചെയ്യൽ (ജലരക്ഷ ജീവരക്ഷ) | 98241 | |
| | 〃 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ പത്രിക പ്രകാരം സംയുക്ത പ്രൊജക്ടുകൾക്ക് മുൻ വർഷങ്ങളിൽ ലഭിച്ച തുകയിൽ ചെലവഴിക്കാനവശേഷിക്കുന്ന തുക ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2019-20 ലെ വാർഷിക കണക്കിലെ B4 പട്ടിക പ്രകാരം നീക്കിയിരിപ്പുള്ള തുകയുടെ (തൻ വർഷം മുന്നിരിപ്പായി വരുന്ന തുക ബ്ലോക്ക് പഞ്ചായത്ത് -72406/- രൂപ ജില്ലാ പഞ്ചായത്ത് 216000/-) വിനിയോഗ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്. തൻവർഷത്തെ B4-പട്ടിക പ്രകാരം നീക്കിയിരിപ്പുള്ള തുകയുടെ (തൻവർഷം മുന്നിരിപ്പായി വരുന്ന തുക ബ്ലോക്ക് പഞ്ചായത്ത് 72406/- രൂപ, ജില്ലാപഞ്ചായത്ത് 216000/- രൂപ) വിനിയോഗ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്. തൻവർഷത്തെ B4-പട്ടിക പ്രകാരം 290600/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും ജില്ലാപഞ്ചായത്ത് വിഹിതമായി 125069/- രൂപയും നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശം കൂടി ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവർത്തിയുടെ | വൗച്ചർ നം. / | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക് നമ്പർ | നല്കിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഇരിങ്ങാലക്കട | ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22001776/31.03.2021 | 53797 | 0 | 53797 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | ലഭ്യമല്ല | 6810258<br>1420000 | 5390258<br>- | 746392 | 0 | 4643866<br>1420000 |
| | | 8230258 | | | | 6063866 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തിയ്യതി |
|---|---|---|---|---|
| 2018-19 | 1.27 | 4416/- | ഗിരിജ പി.ബി അസി.എഞ്ചിനീയർ | 120020101650/25.08.2020 |
| 2018-19 | 1.28 | 20481/- | ഗിരിജ പി.ബി അസി.എഞ്ചിനീയർ | 120020101658/25.08.2020 |
| 2018-19 | 1.30 | 482/- | ഗിരിജ പി.ബി അസി.എഞ്ചിനീയർ | 1200201016602/25.08.2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.53.3 | 2006-07 | 3.53.3 | കുടിവെള്ള-ജലസേചന പദ്ധതികളുടെ തുടർ ചെലവുകൾ തനത്ഫണ്ടിൽ നിന്നും നൽകി | വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2(1) | 2014-15 | 2(1) | തൊഴിൽനികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2(4) | 2015-16 | 2(1) | തൊഴിൽ നികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 116199381 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110954454 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20195 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2850 | ഡോ.തനൂജ.കെ, മെഡിക്കൽ ഓഫീസർ |
| 3-2 | 17345 | സെറിൻ.പി.ജോർജ്ജ്, ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-52

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസവും |
|---|---|---|
| ഡോ.തനൂജ.കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വേളൂക്കര ഗ്രാമപഞ്ചായത്ത് | തെക്കൂട്ട് വീട്, ഊരകം |
| ശ്രീമതി. സെറിൻ.പി.ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് ക്ഷീരവികസന ഓഫീസ്, വെള്ളാങ്കല്ലൂർ | ചീരമ്പൻ വീട്, തൈക്കാട്ടുപടി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ടി.എസ്.2-1391/11/ തിയതി 26.07.2011/ 23.10.2011 |

| | |
|---|---|
| 71-72 | |
| 72-73 | |
| 73-74 | |
| 74-75 | |
| 75-76 | |
| 76-77 | |
| 77-78 | |
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |
| 85-86 | |
| 86-87,<br>87-88 | |
| 88-89 | |
| 89-90 | |
| 90-91 | |
| 91-92 | |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-1391/11/തിയതി26.07.2011<br>/23.10.2011 |
| 96-97 | എൽ.എഫ്.ടി.12-340/98/15.12.1998 |
| 97-98 | എൽ.എഫ്.ടി.9-815/99/12.01.2000 |
| 98-99 | എൽ.എഫ്.ടി.9-599/2000/02.09.2000 |
| 99-00 | എൽ.എഫ്.ടി.9-478/01/06.07.2001 |
| 2000-01 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 01-02 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 02-03 | എൽ.എഫ്.ടി.(പി.1)-493/12/29.02.2012/28.03.2012 |
| 03-04 | എൽ.എഫ്.ടി.9-1447/05/11.01.2006/25.05.2006 |
| 04-05 | എൽ.എഫ്.ടി.9-1678/08/26.08.2010 |
| 05-06 | എൽ.എഫ്.ടി.9-1679/08/28.08.2010/12.11.2010 |
| 06-07 | എൽ.എഫ്.ടി.9-638/10/15.12.2010/01.08.2011 |
| 07-08 | എൽ.എഫ്.ടി.പി.2- 576/12/22.09.2012/28.11.2012 |
| 08-09 | എൽ.എഫ്.ടി.പി.-577/12/03.09.2012/28.11.2012 |
| 09-10 | എൽ.എഫ്.ടി.പി.2-578/12/04.09.2012/28.11.2012 |
| 10-11 | എൽ.എഫ്.ടി.പി.2-579/12/04.09.2012/28.11.2012 |
| 11-12 | എൽ.എഫ്.ടി.പി.1-894/2013/02.01.04 |
| 12-13 | എൽ.എഫ്.ടി.(പി.1)-1027/14 /04.02.14/1.04.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി1)194/16/18.2.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി1)1226/16,24.7.16<br>/30.7.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(പി1)2148/16,31.1.17/ 13.2.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(പി1) 1518/2017/തി.30.11.17<br>/16.12.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(പി1)1777/2018 തീ.<br>16.01.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി1)710/2020 തീ.<br>10.08.2020 |

| | |
|---|---|
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി15)1073/2021, തീ.27.11.2021 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്